പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3075** **23.03. 2015-** ലെ മറുപടി

**വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.അഹമ്മദ് കബീർ<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ. എ.നെല്ലിക്കുന്ന്<br>ശ്രീ. സി. മോയിൻ കുട്ടി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;എങ്കിൽ വെളിപ്പെടുത്തുമോ; | (എ) വിദേശരാജ്യങ്ങളിലെ ജയിലിൽ കഴിയുന്ന കേരളീയരുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ വിവരങ്ങൾ ശേഖരിക്കാനും, വിശകലനം ചെയ്യാനും നിർദ്ദേശം നല്കുമോ; | (ബി )വിദേശജയിലുകളിൽ കഴിയുന്ന ഇന്ത്യക്കാരുടെ വിശദാംശങ്ങൾ അതാത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോടും ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) മാലി. പാക്കിസ്ഥാൻ എന്നിവിടങ്ങളിൽ തടവിലുള്ള മലയാളികളുടെ എണ്ണം വ്യക്തമാക്കുമോ; തടവിലാകാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ? | സി) മാലി, പാക്കിസ്ഥാൻ ജയിലുകളിൽ തടവിലുള്ള മലയാളികളുടെ കണക്ക് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ